**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 57** **06-12-2022 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2022 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം മുടങ്ങിയതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | 26.09.2022-ലെ സ.ഉ(സാധാ)നം. 6557/2022/ധന ഉത്തരവു പ്രകാരം 2022 സെപ്റ്റംബർ മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകളും, 07.10.2022-ലെ സ.ഉ.(സാധാ) നം. 6774/2022/ധന പ്രകാരം സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡു പെൻഷനുകളും അനുവദിച്ചിരുന്നു. 2022 ഒക്ടോബർ, നവംബർ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷനുകളും, സർക്കാർ നൽകുന്ന ധനസഹായത്താൽ പെൻഷൻ വിതരണം ചെയ്യുന്ന 16 ക്ഷേമനിധി ബോർഡു പെൻഷനുകളും അനുവദിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായുള്ള പ്രത്യേക കമ്പനിക്കുള്ള സാമ്പത്തിക സഹായം പിൻവലിച്ച സർക്കാർ നടപടി ഈ പ്രതിസന്ധിക്ക് കാരണമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായുള്ള പ്രത്യേക കമ്പനിയായ കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിനുള്ള സാമ്പത്തിക സഹായം പിൻവലിച്ചിട്ടില്ല. ഇപ്പോഴും സാമ്പത്തിക സഹായം നല്കി വരുന്നുണ്ട്. |
| (സി) | പ്രസ്തുത കമ്പനിക്കുള്ള സാമ്പത്തിക സഹായം പിൻവലിച്ച സർക്കാർ നടപടി മൂലം കമ്പനിക്ക് ലഭിച്ചുകൊണ്ടിരുന്ന വായ്പകൾ മുടങ്ങിയിട്ടുള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (സി) | ഉദിക്കുന്നില്ല. |
| (ഡി) | സാമൂഹ്യ സുരക്ഷാ പെൻഷൻ മുടങ്ങിയ സാഹചര്യത്തിൽ, കമ്പനിക്കുള്ള സർക്കാർ സാമ്പത്തിക സഹായം പിൻവലിച്ച നടപടി റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ